ഉത്തരം

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നൽകുന്ന വിവിധതരം വായ്പകൾക്ക് ഈടാക്കുന്ന പലിശ നിരക്ക് താഴെപ്പറയും പ്രകാരമാണ്.

ക്രമ നം	വായ്പയുടെ ഇനം	പലിശ നിരക്ക്	കൃത്യമായ തിരിച്ചടവിനുള്ള ഇളവ്	ക്രെഡിറ്റ് റേറ്റിംഗിനുള്ള ഇളവ്	ഇളവുകൾക്ക് ശേഷമുള്ള പലിശ നിരക്ക്
1	പൊതുവിലുള്ള വായ്പകൾ	13%	2%	1%	10%
2	വനിതാ വ്യവസായ സംരംഭകർക്കുള്ള പ്രത്യേക വായ്പകൾ	12%	2%	1%	9%
3	പ്രവാസി മലയാളികൾക്കുള്ള പ്രത്യേക പദ്ധതി	7%	-	-	7%
4	ഊർജ്ജ സംരക്ഷണ പദ്ധതികൾക്കുള്ള വായ്പകൾ	12%	2%	1%	9%

(ബി) കെ.എഫ്.സി.യിൽ നിന്നും വായ്പയെടുക്കുകയും, സംരംഭകരുടേതല്ലാത്ത കാരണങ്ങളാൽ തിരിച്ചടവ് മുടക്കം വരുത്തി ജപ്തി നടപടികൾക്ക് വിധേയരായവർക്കായി പരമാവധി ഇളവുകൾ അനുവദിച്ചു കൊണ്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

(സി) വായ്പയെടുത്ത സംഖ്യ തിരിച്ചടവ് ഇല്ലാതെ കുടിശ്ശികയായി മാറികിടക്കുന്ന അവസരത്തിൽ മുതലിന്റെ എത്ര മടങ്ങ് തിരിച്ചടച്ചാൽ വായ്പ അടച്ചു തീർത്തതായി കരുതാം എന്നതിനുള്ള ഒരു മാനദണ്ഡം കോർപ്പറേഷൻ സ്വീകരിച്ചിട്ടില്ല. എന്നാൽ ചില പ്രത്യേക അവസരങ്ങളിൽ വ്യവസായ സംരംഭങ്ങൾ പരാജയപ്പെട്ട് സാമ്പത്തികമായി തകരുകയും ആസ്തികളൊന്നും ഇല്ലാതാവുകയും ചെയ്യുന്ന അവസരങ്ങളിൽ പലിശ മുഴുവൻ ഒഴിവാക്കി മുതൽ മാത്രം അടച്ച് വായ്പകൾ തീർപ്പാക്കാൻ അനുവദിക്കാറുണ്ട്.

കെ.എസ്.എഫ്.ഇ.യുടെ അഡീഷണൽ ശാഖ

180 (4534) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ കെ.എസ്.എഫ്.ഇ. യുടെ ഒരു അഡീഷണൽ ശാഖ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) അഡീഷണൽ ശാഖയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓഫീസ് പ്രവർത്തനം നടക്കുന്നതിന് ലഭ്യമായ കെട്ടിടത്തിൽ വേണ്ടുന്ന നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(സി) താമസംവിനാ പ്രവർത്തനം ആരംഭിക്കുന്നതാണ്.

കോളേജ് അദ്ധ്യാപകരുടെ പെൻഷൻ ഏകീകരണം

181 (4535) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-1-1986-നു ശേഷം ജോലിയിൽ നിന്നു വിരമിച്ചിട്ടുള്ള കോളേജ് അദ്ധ്യാപകർക്കു കൂടി ഒരേ റാങ്ക് ഒരേ പെൻഷൻ ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) 1-1-1986-ലും 1-1-1996 ലും വിരമിച്ച ഓരോ കോളേജ് അദ്ധ്യാപകർക്കും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന സർവ്വീസ് പെൻഷനിലെ അന്തരം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഈ വ്യത്യാസങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ വിഭാഗം കോളേജ് അദ്ധ്യാപകർക്ക് 24-5-2010 -ലെ സ.ഉ.(പി). നം.299/10/ധന. പ്രകാരം, ഒരേ റാങ്ക് ഒരേ പെൻഷൻ ലഭിക്കത്തക്ക രീതിയിൽ പെൻഷൻ പരിഷ്ക്കരിച്ചിട്ടുണ്ട്.

(ബി & സി) 1-1-1986 ലും 1-1-1996 ലും വിരമിച്ച കോളേജ് അദ്ധ്യാപകർ തമ്മിൽ 24-5-2010 -ലെ സ.ഉ.(പി).നം.299/10/ധന. പ്രകാരമുള്ള പെൻഷൻ പരിഷ്ക്കരണംമൂലം ഒരേ സേവനകാലമുള്ളവർ തമ്മിൽ ഇപ്പോൾ പെൻഷനിൽ അന്തരമില്ല. 1-1-2006 മുതൽ കോളേജ് അദ്ധ്യാപകരുടെ ശമ്പളം 27-3-2010 -ലെ സ.ഉ.(പി).നം.58/2010/ഹയർ. എഡ്യു. പ്രകാരം പരിഷ്ക്കരിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള പെൻഷൻ പരിഷ്ക്കരണം നടപ്പിലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly